# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1185

12.06.14 ൽ - മറുപടിക്ക്

### നടപ്പാക്കാത്ത ഭക്ഷ്യപൊതുവിതരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നടപ്പാക്കാതെ പോയതുമായ ഏതെങ്കിലും പദ്ധതിയുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുന്ന പദ്ധതി, ബി.പി.എൽ, എ.എ.വൈ. ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാപേർക്കും നാലുമാസത്തേയ്ക്ക് ബി.പി.എൽ. നിരക്കിൽ കേന്ദ്രസഹായത്തോടെ റേഷൻ നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കാനായില്ല. തീരദേശം, മലയോരം മുതലായ പിന്നോക്ക പ്രദേശങ്ങളിൽ അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുവാനായി 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിക്കുമെന്ന പ്രഖ്യാപനത്തിൽ 10 എണ്ണം മാത്രമേ ആരംഭിച്ചിട്ടുള്ളൂ. കൂടാതെ സപ്ലൈകോ ഔട്ട്-ലൈറ്റുകളോട് ചേർന്ന് മാതൃകാ ന്യായവില ഷോപ്പുകൾ അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കിയില്ല. |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;<br><br>(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തിയിരുന്നോ; ഫണ്ട് ലഭിക്കാത്തതാണോ; പ്രസ്തുത പദ്ധതികൾ മുടങ്ങാൻ കാരണമായത് ; വിശദമാക്കുമോ ? | (ബി) & (സി) തൃപ്തി ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിരിക്കുകയാണ്.<br>ബി.പി.എൽ, എ.എ.വൈ. ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാപേർക്കും നാലുമാസത്തേയ്ക്ക് ബി.പി.എൽ. നിരക്കിൽ കേന്ദ്രസഹായത്തോടെ റേഷൻ നൽകുന്ന പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായില്ല.<br>40 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾക്ക് കേന്ദ്ര സഹായം ലഭ്യമായില്ല.<br>സപ്ലൈകോ ഔട്ട്ലൈറ്റുകളോട് ചേർന്ന് മാതൃകാ ന്യായവില ഷോപ്പുകൾ ആരംഭിക്കുന്ന പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.<br>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ